LIBRARY ARCHIVES Kerala Legislative Assembly

ചെറുകിട സ്വകാര്യ വൈദ്യുതോൽപ്പാദക പദ്ധതികൾ

144 (5549) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എം. മുരളി :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വൈദ്യുതോൽപ്പാദനം വർദ്ധിപ്പിക്കാനായി, സ്വകാര്യ സംരംഭങ്ങളിലൂടെ ചെറുകിട വൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിന് പ്രോത്സാഹനം നൽകുന്ന നയം സർക്കാർ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) 2009-2010 കാലയളവിൽ ഇത്തരത്തിൽ സ്വകാര്യ സംരംഭത്തിലൂടെ എത്ര ചെറുകിട വൈദ്യുത പദ്ധതികൾ തുടങ്ങാനായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത സംരംഭങ്ങളിലൂടെ ആകെ എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(ഡി) ഈ വർഷത്തിൽ ഇത്തരത്തിൽ എത്ര സ്വകാര്യ സംരംഭങ്ങൾ തുടങ്ങാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്. ചെറുകിട ജല വൈദ്യുത പദ്ധതികൾ സ്വകാര്യ മേഖലയിൽ നടപ്പിലാക്കുന്നതിനുള്ള സർക്കാർ മാർഗ്ഗ നിർദ്ദേശം ഇലക്ട്രിസിറ്റി ആക്ടിന് അനുയോജ്യമായി ഭേദഗതി ചെയ്ത് പുറത്തിറക്കിയിട്ടുണ്ട്. സ്വകാര്യ സംരംഭകർ വഴി നടപ്പിലാക്കാൻ കഴിയുന്ന 61 പദ്ധതികൾ ബോർഡ് കണ്ടെത്തിയിട്ടുണ്ട്. ഈ പദ്ധതികളിൽനിന്നും ഇ.എം.സി. 13 പദ്ധതികൾ സ്വകാര്യ സംരംഭകർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്.

(ബി) ഒന്ന്. 7 മെഗാവാട്ടിന്റെ അളളുങ്കൽ ചെറുകിട ജല വൈദ്യുത പദ്ധതി (പത്തനംതിട്ട ജില്ല, ഇ.ഡി.സി.എൽ.) കമ്മീഷൻ ചെയ്തു.

(സി) 7 മെഗാവാട്ട്

(ഡി) ഒന്ന്. 3 മെഗാവാട്ടിന്റെ ഇരുട്ടുകാനം പദ്ധതി (ഇടുക്കി ജില്ല, വിയ്യാട്ട് പവർ) 2010 ആഗസ്റ്റ് മാസം കമ്മീഷൻ ചെയ്യുവാൻ സാധിക്കുമെന്ന് കരുതുന്നു.

ചെറുകിട ജലവൈദ്യുത പദ്ധതികൾ

145 (5550) ശ്രീ. എം. വി. ശ്രേയാംസ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വകാര്യ മേഖലയിലുള്ള സി.പി.പി.,ഐ.പി.പി. പവർ ഉൽപ്പാദക വിഭാഗങ്ങൾക്ക് പദ്ധതികൾ തുടങ്ങുന്നതിനുള്ള മാർഗ്ഗനിർദ്ദേശം നിലവിലുണ്ടോ ;